## എക്സൈസ് വകുപ്പിൽ സ്ത്രീപ്രാതിനിധ്യം വർദ്ധിപ്പിക്കും

# 177 പേർക്ക് ഉടൻ പരിശീലനമെന്ന് മന്ത്രി ടി.പി.രാമകൃഷ്ണൻ

എല്ലാ മേഖലകളിലും സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ ഉത്തരവാദിത്തമാണെന്നും അതിന്റെ ഭാഗമായാണ് എക്സൈസ്, പോലീസ് സേനകളിൽ വനിതകളെ കൂടുതൽ റിക്രൂട്ട് ചെയ്യുന്നതെന്നും എക്സൈസ്-തൊഴിൽ വകുപ്പു മന്ത്രി ടി.പി.രാമകൃഷ്ണൻ പറഞ്ഞു. തൃശൂർ എക്സൈസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ സിവിൽ എക്സൈസ് ഓഫീസർമാരുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാലാനുസൃതമായി സാമൂഹികാവശ്യങ്ങളും തൊഴിലിന്റെ സ്വഭാവും മാറുന്നുന്നെും ഇതിനനുസരിച്ചുള്ള പരിശീലന പാഠ്യപദ്ധതിയാണ് എക്സൈസ് വകുപ്പ് ഒരുക്കിയിട്ടുള്ളതെന്നും മന്ത്രി ടി.പി.രാമകൃഷ്ണൻ വ്യക്തമാക്കി.

സ്ത്രീ ശാക്തീകരണവും സ്ത്രീ സുരക്ഷയുമാണ് സർക്കാരിന്റെ മുഖ്യലക്ഷ്യങ്ങളാണ്. അതിനനുസരിച്ചുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉാകുന്ന്. എക്സൈസ് വകുപ്പിൽ 177 വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് കൂടി ഉടൻ പരിശീലനം നൽകും. സർക്കാർ ഖജനാവ് നിറയ്ക്കുക എന്ന പഴയ രീതിയിൽ നിന്നും മാറി സാമൂഹ്യപ്രതിബന്ധതയുള്ള നിരവധി കാര്യങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും എക്സൈസ് വകുപ്പിന് കഴിയുന്ന്. പുതിയ അറിവുകളും പുതിയ സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് രൂപീകരിച്ച പരിശീലനപാഠ്യപദ്ധതിയിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. മന്ത്രി ടി.പി.രാമകൃഷ്ണന് പറഞ്ഞു. എക്സൈസ് കമ്മീഷണർ ഋഷിരാജ് സിംഗ്, അഡീഷണൽ കമ്മീഷണർ എ.വിജയൻ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ ജനപ്രതിനിധികൾ, പരിശീലനം പൂർത്തിയാക്കിയവരുടെ ബന്ധുക്കൾ തുടങ്ങിയവർ സംബന്ധിച്ചു.

31 വനിതകളുപ്പെടെ 82 പേരാണ് 180 ദിവസം പരിശീലനം പൂർത്തിയാക്കി പരേഡിൽ അണിനിരന്നത്. ഇവരിൽ 22 ബിരുദാനന്തര ബിരുദധാരികൾ, 3 ബി.ടെക്ക് ബിരുദധാരികൾ, 14 ബി.എഡ്, 2 എം.ബി.എ, 40 ബിരുദം, 4 ഡിപ്ലോമ എന്നീ യോഗ്യതയുള്ളവരാണുള്ളത്. മികച്ച ഇൻഡോറായി എൻ.എം.ഷീന, അനൂപ് സോമൻ, ഔട്ട്ഡോറായി കെ.കെ.സബിത, എസ്.ഷാനുകൃഷ്ണ, മികച്ച ഷോട്ടായി എയ്ഞ്ചലിൻ ചാക്കോ, സജിത്ത് എന്നിവരെ തെരഞ്ഞെടുത്തു. എസ്.ഷാനുകൃഷ്ണയാണ് മികച്ച ഓൾ റൗർ. വിജയികൾക്ക് മന്ത്രി ടി.പി.രാമകൃഷ്ണൻ ട്രോഫികൾ നൽകി.